**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2933** **18-03-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേറ്റവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (എ) | 05.04.2018-ലെ സ.ഉ. (കൈ) നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനും ലഭ്യമാകും. ചികിത്സാചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. പരിക്ക് സംഭവിക്കുന്ന കേസുകളിൽ അപകടം നടന്ന് 6 മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ തൊട്ടടുത്തുള്ള അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക്ട് മുഖേന ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ യോടൊപ്പം തിരിച്ചറിയൽ കാർഡ്, കരം അടച്ച രസീത്, ബാങ്ക് പാസ് ബുക്കിന്റെ (ദേശസാൽകൃത) പകർപ്പ്, ചികിത്സാചെലവ് സംബന്ധിച്ച സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫിസറുടെ സാക്ഷ്യപത്രം, ചികിത്സാസംബന്ധമായ ബിൽ എന്നിവയും സമർപ്പിക്കേണ്ടതാണ്: ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റെയിഞ്ച് തലത്തിൽ അന്വേഷണം നടത്തി ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശുപാർശ സഹിതം പ്രസ്തുത അപേക്ഷ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / |

| | | | |
|---|---|---|---|
| | | | വൈൽഡ്ലൈഫ് വാർഡന് ഓൺലൈനായി സമർപ്പിക്കുകയും ടി അപേക്ഷയിയേൽ 1980-ലെ "കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടത്തിന്റെ അടിസ്ഥാനത്തിൽ അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് പാറശാല മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് ചികിത്സാസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് പാറശാല മണ്ഡലത്തിലുൾപ്പെട്ട നെയ്യാർ വന്യജീവി സങ്കേതത്തിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ 2 പേർക്ക് നഷ്ടപരിഹാരതുകയായ 30,000/- രൂപ അനുവദിച്ചിരുന്നു. തിരുവനന്തപുരം ഡിവിഷനിൽ 2 അപേക്ഷകൾ ലഭിച്ചതിൽ അനുബന്ധ രേഖകൾ ലഭ്യമാക്കാത്തതിനാൽ നഷ്ടപരിഹാരം അനുവദിച്ചിട്ടില്ല. |
| (സി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള ചികിത്സാ സഹായത്തിനായി അമ്പൂരി, കള്ളിക്കാട്, വെള്ളറട പഞ്ചായത്തുകളിൽ നിന്ന് 2018 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷ സമർപ്പിച്ചവരിൽ ഇനി എത്ര പേർക്ക് എത്ര രൂപ ധനസഹായം നൽകുവാനുണ്ടെന്ന് വിശദമാക്കുമോ? | (സി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള ചികിത്സാ സഹായത്തിനായി അമ്പൂരിപഞ്ചായത്തിൽ നിന്നും 2018 മുതൽ നാളിതുവരെ 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്: ടി അപേക്ഷകളിൽ ശ്രീ. അയ്യപ്പൻകാണി എം. വെല്ലിയിൽ വീട്, തെന്മല എന്നയാൾ സമർപ്പിച്ച അപേക്ഷയോടൊപ്പം ചികിത്സാർത്ഥം ചെലവായ തുകയുടെ ബില്ലുകളും മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രവും ഉള്ളടക്കം ചെയ്യാത്തതിനാൽ ആയത് ലഭ്യമാക്കി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് രണ്ട് അപേക്ഷകളിന്മേൽ നഷ്ടപരിഹാരമായി 20,000/- രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷൻ പരിധിയിൽ അമ്പൂരി, കള്ളിക്കാട്, വെള്ളറട പഞ്ചായത്തുകളിൽ നിന്ന് നാളിതുവരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള ചികിത്സാസഹായത്തിനുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ